"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.സുജ അഗസ്റ്റിൻ, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) ബഹു:ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA No.1084/2023 മേലുള്ള 23.06.2023 ലെ ഉത്തരവ് അനുവർത്തനം ചെയ്ത് കൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.775/2024/H&FWD തീയതി,തിരുവനന്തപുരം, 14-03-2024

പരാമർശം:-

1. ഡോ.സുജ അഗസ്റ്റിൻ, ജൂനിയർ കൺസൾട്ടന്റ് സമർപ്പിച്ച 22.06.2023 തീയതിയായ അപേക്ഷ (Annexure A5)

   ഡോ.സുജ അഗസ്റ്റിൻ, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി)
2. ബഹു:ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA No.1084/2023 -മേലുള്ള 23.06.2023-ലെ ഉത്തരവ്
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 02.03.2024-ലെ ഇ.ബി1-5208/2024/ആവഡ നമ്പർ കത്ത്.
4. ഡോ.ഷാരോൺ . എ.ജോൺ , ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) സമർപ്പിച്ച 05.03.2024 തീയതിയായ അപേക്ഷ
5. ഡോ.സുജ അഗസ്റ്റ്യൻ, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) സമർപ്പിച്ച 06.03.2024 തീയതിയായ അപേക്ഷ.

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ ജൂനിയർ കൺസൾട്ടന്റ്മാരുടെ 2023 പൊതുസ്ഥലംമാറ്റത്തിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ നിന്നും ശാസ്താംകോട്ട താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം നൽകപ്പെട്ട ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.സുജ അഗസ്റ്റിൻ ബഹു:ട്രിബ്യൂണൽ മുമ്പാകെ OA No.1084/2023 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസ് 23.06.2023-ൽ ബഹു:ട്രിബ്യൂണൽ പരിഗണിക്കുകയും കേസിൽ Annexure A5 ആയി ചേർത്തിട്ടുള്ള പരാമർശം (1) അപ്പീൽ അപേക്ഷ പരിശോധിക്കുവാനും, അപേക്ഷകയെയും, മറ്റ് ബന്ധപ്പെട്ട കക്ഷികളെയും ഒന്നാം എതിർകക്ഷി നേരിൽ കേൾക്കുവാനും പരാമർശം (2) ഉത്തരവ് പ്രകാരം നിർദ്ദേശം നൽകുകയും ചെയ്തു. കൂടാതെ, അപേക്ഷക നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ നിന്നും

വിടുതൽ ചെയ്യുകയും, എന്നാൽ ശാസ്താംകോട്ട താലൂക്ക് ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ ഫയൽ ചെയ്ത OA No.1052/2023 നമ്പർ കേസിൽ ടിയാളുടെ സ്ഥലംമാറ്റത്തിന് സ്റ്റേ നൽകുകയും ചെയ്തിരിക്കുന്നതിനാൽ, അപേക്ഷകക്ക് ശാസ്താംകോട്ട താലൂക്ക് ആസ്ഥാന ആശുപത്രിയിൽ പ്രവേശിക്കാനായിട്ടില്ല എന്നും ആയതിനാൽ ടിയാൾക്ക് നെയ്യാറ്റിന്‍കര ജനറൽ ആശുപത്രിയിലോ, സമീപത്തുള്ള മറ്റേതെങ്കിലും ആശുപത്രിയിലോ രണ്ടാം എതിർകക്ഷിയായ ആരോഗ്യ വകുപ്പ് ഡയറക്ടർ താൽക്കാലിക നിയമനം അനുവദിക്കേണ്ടതാണെന്നും ട്രൈബ്യൂണൽ നിർദ്ദേശിച്ചിരുന്നു.

2) 2023-ലെ പൊതുസ്ഥലംമാറ്റത്തിൽ ശാസ്താംകോട്ട താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിന്നും ഇടുക്കി ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റപ്പെട്ട ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ഷാരോൺ എസ്. ജോൺ പ്രസ്തുത സ്ഥലംമാറ്റത്തിനെതിരെ ബഹു:ട്രിബ്യൂണൽ മുമ്പാകെ OA No.1052/2023 കേസ് ഫയൽ ചെയ്യുകയും, പ്രസ്തുത കേസിലെ ബഹു: ട്രിബ്യൂണലിന്റെ 21.06.2023-ലെ ഉത്തരവ് അനുപാലിച്ച് പുറപ്പെടുവിച്ച സ.ഉ (സാധാ) നം.2761/2023/ആകുവ തീയതി 21.10.2023 നമ്പർ ഉത്തരവിൽ ഇടുക്കി ജില്ലാ ആശുപത്രിയിലേയ്ക്കുള്ള സ്ഥലംമാറ്റം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ഡോ.ഷാരോൺ സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിക്കുകയും ചെയ്തിരുന്നു. അപ്പീൽ അപേക്ഷ നിരസിച്ച ഉത്തരവിനെതിരെ ഡോ.ഷാരോൺ എസ്. ജോൺ നിലവിൽ ബഹു:ട്രിബ്യൂണൽ മുമ്പാകെ OA 1910/2023 ഫയൽ ചെയ്തിട്ടുള്ളതും, ഇടുക്കി ജില്ലാ ആശുപത്രിയിലേയ്ക്കുള്ള ടിയാളുടെ സ്ഥലംമാറ്റത്തിന് നിലവിലും ബഹു:ട്രൈബ്യൂണൽ സ്റ്റേ അനുവദിച്ചിട്ടുള്ളതുമാകുന്നു. സ്ഥിരമായ സ്ഥാപനത്തിൽ നിയമനം ലഭിക്കാത്തതിനാൽ ശമ്പളം മുടങ്ങി നിൽക്കുന്നതു കാരണം ഡോ. സുജ അഗസ്റ്റിൻ പ്രസ്തുത കേസിൽ MA 369/2024 ഫയൽ ചെയ്യുകയും ആയത് നിലവിൽ ബഹു:ട്രിബ്യൂണലിന്റെ പരിഗണനയിലുമാണ്.

3)ഡോ.സുജ അഗസ്റ്റിൻ ബഹു:ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA No.1084/2023-മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 23.06.2023-ലെ ഉത്തരവ് അനുപാലിക്കുന്നതിന്റെ ഭാഗമായി അപേക്ഷകയായ ഡോ.സുജ അഗസ്റ്റിൻ, നാലാം എതിർകക്ഷിയായ ഡോ.ഷെഹർഷ, ശാസ്താംകോട്ട താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിലവിൽ ജോലി നോക്കുന്ന ഡോ.ഷാരോൺ എസ്. ജോൺ എന്നിവർ നൽകിയ മൊഴി ചുവടെ ചേർക്കുന്നു:

<u>i. ഡോ.സുജ അഗസ്റ്റിൻ</u>

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ 3 വർഷം കാലാവധി പൂർത്തിയാകുന്നതിനു മുൻപ് 2023 പൊതുസ്ഥലംമാറ്റത്തിൽ ശാസ്താംകോട്ട താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റപ്പെട്ടു. ഡോ.ഷാരോൺ എസ് ജോൺ ബഹു:ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസിന്റെ അടിസ്ഥാനത്തിൽ ട്രിബ്യൂണൽ ശാസ്താംകോട്ട താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിന്നും ഡോ.ഷാരോൺ എസ് ജോണിനെ സ്ഥലംമാറ്റുന്നതിന് സ്റ്റേ നൽകി. ട്രിബ്യൂണലിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ

തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ തസ്തികയില്ലാതെ താൽക്കാലിക നിയമനം അനുവദിച്ചു. 01.07.2023 മുതൽ ശമ്പളം ലഭിക്കുന്നില്ല. വിവാഹം കഴിഞ്ഞ് 10 വർഷത്തിന് ശേഷം pregnant ആണ്. ആയതിനാൽ ദീർഘദൂര യാത്രക്ക് സാധിക്കില്ല. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ തന്നെ നിലനിറുത്തണം.

**ii. ഡോ.ഷാരോൺ എസ്. ജോൺ**

കണ്ണൂർ കുത്തുപറമ്പ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിന്നും 12.12.2019-ൽ ശാസ്താംകോട്ട താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമിച്ചു. കൊല്ലം നീണ്ടകര സ്വദേശിയാണ്. വിവാഹബന്ധം വേർപ്പെട്ടു. പുനഃവിവാഹം കഴിച്ചിട്ടില്ല. 2023-ലെ പൊതുസ്ഥലംമാറ്റത്തിന്റെ കരട് പട്ടികയിൽ നീണ്ടകര താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ചു. എന്നാൽ അന്തിമ സ്ഥലംമാറ്റ ഉത്തരവിൽ ഇടുക്കി ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റപ്പെട്ടു. ആരോഗ്യസ്ഥിതി മോശമാണ്. വിധവയായ മാതാവ് 40% പോസ്റ്റ് പോളിയോ പരാലിസിസ് ഉള്ള ആളാണ്. കൊല്ലം ജില്ലയിൽ ടിയാളെക്കാൾ സ്റ്റേഷൻ സീനിയോരിറ്റി ഉള്ളവർ നിലവിലും ജോലി നോക്കുന്നു. ശാസ്താംകോട്ട താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിലനിറുത്തുകയോ, പൊതുസ്ഥലംമാറ്റ കരട് ലിസ്റ്റിലെ സ്ഥലംമാറ്റ ശിപാർശ പരിഗണിച്ച് നീണ്ടകര താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്കോ അല്ലെങ്കിൽ കൊല്ലം ജില്ലയിലെ മറ്റേതെങ്കിലും ആശുപത്രിയിലേയ്ക്കോ സ്ഥലംമാറ്റം അനുവദിക്കണം.

**iii. ഡോ.ഷെഹർഷ**

2023 പൊതുസ്ഥലംമാറ്റത്തിൽ കൊല്ലം വിക്ടോറിയ ആശുപത്രിയിൽ നിന്നും മൂന്നാമത്തെ ഓപ്ഷനായ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റി. 23.06.2023 മുതൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ജോലി നോക്കി വരുന്നു. കൊല്ലം ജില്ലയിൽ 4 വർഷവും 3 മാസവും സർവ്വീസ് ചെയ്തിട്ടുള്ളതിനാൽ നിലവിലെ സ്റ്റേഷനിൽ തുടരാൻ അനുവദിക്കണം. അല്ലെങ്കിൽ ഒന്നാം ഓപ്ഷനായ തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലോ രണ്ടാം ഓപ്ഷനായ തിരുവനന്തപുരം ഫോർട്ട് ആശുപത്രിയിലോ നിയമനം നൽകണം.

4) ഡോ.സുജ അഗസ്റ്റിൻ 11.04.2017 മുതൽ 02.02.2021 വരെ പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിലും 03.02.2021 മുതൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലും ജോലി ചെയ്തു വരുന്നതായും ഈ രണ്ടു ആശുപത്രികളും 15 കി.മീ. ചുറ്റളവിനുള്ളിൽ ഉള്ള ആശുപത്രികളായതിനാൽ ഒരേ സ്റ്റേഷൻ പരിധിയിൽ വരുന്നതാണെന്നും, ഡോ.സുജ അഗസ്റ്റിൻ 2023 പൊതുസ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിട്ടില്ല എന്നും എന്നാൽ നാലാം എതിർകക്ഷിയായ ഡോ.ഷെഹർഷ-ക്ക് നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ നിയമനം നൽകുന്നതിനായി ഡോ.സുജ അഗസ്റ്റിനെ ശാസ്താംകോട്ട താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമിച്ചിരുന്നുവെങ്കിലും, ശാസ്താംകോട്ട താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി

നോക്കി വരുന്ന ഡോ.ഷാരോൺ എസ്. ജോൺ ഫയൽ ചെയ്ത കേസിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലംമാറ്റത്തിന് സ്റ്റേ നൽകിയിരിക്കുകയാണെന്നും പരാമർശം (3) കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. നീണ്ടകര താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിലവിൽ ജോലി നോക്കുന്ന ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.അജീഷ പ്രസ്തുത സ്റ്റേഷനിൽ 3 വർഷം പൂർത്തിയാക്കിയിട്ടുള്ളതാണെന്നും, തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തിക നിലവിൽ ഒഴിഞ്ഞു കിടക്കുന്നതായും, ഡോ.അജീഷ തിരുവനന്തപുരം സ്വദേശിയാണെന്നും പ്രസ്തുത ഹിയറിംഗിൽ പങ്കെടുത്ത ആരോഗ്യ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മൊഴി നൽകി.

5) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഡോ.സുജ അഗസ്റ്റിൻ 11.04.2017 മുതൽ തിരുവനന്തപുരം ജില്ലയിൽ ഒരേ സ്റ്റേഷനിൽ ജോലി നോക്കി വരുന്നതിനാൽ ശാസ്താംകോട്ട താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്കുള്ള ടിയാളുടെ സ്ഥലംമാറ്റം പുനഃപരിശോധിക്കേണ്ടതില്ലാത്തതായി സർക്കാർ തീരുമാനിച്ചു. എന്നാൽ ടിയാളുടെ നിലവിലെ സ്ഥിതി കണക്കിലെടുത്ത് ഡോ.സുജ അഗസ്റ്റിന് ഉത്തരവ് തീയതി മുതൽ 6 മാസത്തേക്ക് നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമനം നൽകിയും, ഡോ.ഷാരോൺ എസ്. ജോൺ ലഭ്യമാക്കിയ പരാമർശം (4) അപേക്ഷയിൽ ഉള്ളടക്കം ചെയ്തിരുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിലെ വിവരങ്ങൾ പരിഗണിച്ച് ഇടുക്കി ജില്ലാ ആശുപത്രിയിലേയ്ക്കുള്ള സ്ഥലംമാറ്റം റദ്ദ് ചെയ്ത് ടിയാളെ നീണ്ടകര താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമനം നൽകിയും, നീണ്ടകര താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിലവിൽ ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റ് തസ്തികയിൽ ജോലി നോക്കി വരുന്ന ഡോ.അജീഷ.എം.-നെ തിരുവനന്തപുരം അണ്ടൂർകോണം സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ നിലവിൽ ഒഴിവുള്ള ഗൈനക്കോളജി ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ നിയമനം നൽകിയും ഉത്തരവാകുന്നു.

6) ഡോ.സുജ അഗസ്റ്റിൻ, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) ബഹു:അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1084/2023-ന്മേലുള്ള 23.06.2023 -ലെ ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്തിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ , തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) തിരുവനന്തപുരം/കൊല്ലം/ഇടുക്കി.
ഡോ.സുജ അഗസ്റ്റിൻ, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി), മലർവാടി, ഓലത്താന്നി, നെയ്യാറ്റിൻകര.പി.ഒ, തിരുവനന്തപുരം - 695 121.

.ഉ.(സാധാ) നം.775/2024/H&FWD

ഡോ.ഷെഹർഷ, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി), ജനറൽ ആശുപത്രി, നെയ്യാറ്റിൻകര.

ഡോ.ഷാരോൺ.എസ്.ജോൺ, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി), താലൂക്ക് ആസ്ഥാന ആശുപത്രി, ശാസ്താംകോട്ട, കൊല്ലം.

ഡോ അജീഷ, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി), നീണ്ടകര താലൂക്ക് ആസ്ഥാന ആശുപത്രി (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
ANUPAMA G NAIR
സെക്ഷൻ ഓഫീസർ
Date: 14-03-2024 15:36:23

മേലെഴുത്ത് നം. ഇ.ബി1-5208/2024/ആ.വ.ഡ, തീയതി 14.03.202
സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽനടപടി
കൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

14/3/24

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേ